നം E1/3131/2020/WCD(1)

വനിതാ ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി - 16/03/2020

വനിതാ ശിശുവികസന ഡയറക്ടർ

എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും

സർ,

വിഷയം :- വനിതാ ശിശുവികസന വകുപ്പ് - ജീവനക്കാര്യം- പൊതു സ്ഥലംമാറ്റം 2020 - അപേക്ഷകൾ ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നത് - സംബന്ധിച്ച്

സൂചന : - ഈ കാര്യാലയത്തിലെ 26/02/2020 ലെ E1/3131/2020/WCD നമ്പർ പരിപത്രം

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വകുപ്പിലെ സ്ഥിരം ജീവനക്കാരിൽ നിന്നും 2020 ലെ പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷ ക്ഷണിച്ച് കൊണ്ട് സൂചന പ്രകാരം വിഞ്ജാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിഞ്ജാപന പ്രകാരം ജീവനക്കാർ ജില്ലാ വനിതാ ശിശുവികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 12/03/2020 ന് അവസാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അതാത് ജില്ലാ വനിതാ ശിശു വികസന ഓഫീസുകളിൽ ലഭ്യമായ പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ കാറ്റഗറി തിരിച്ച് ലിസ്റ്റാക്കി പ്രത്യേകം ആമുഖ കത്തോട് കൂടി **20/03/2020 ന് മുമ്പായി** ഈ കാര്യാലയത്തിൽ ലഭ്യമാക്കണമെന്ന് അറിയിക്കുന്നു. 2020 ലെ പൊതു സ്ഥലംമാറ്റ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാരും വ്യക്തിപരമായ ശ്രദ്ധ ചെലുത്തേണ്ടതാണ്. യാതൊരു കാരണവശാലും നിശ്ചിത രീതിയിൽ അല്ലാതെ ഈ കാര്യാലയത്തിൽ ലഭിക്കുന്ന വ്യക്തിഗത അപേക്ഷകൾ പൊതു സ്ഥലംമാറ്റത്തിനായി പരിഗണിക്കുന്നതല്ലെന്ന വിവരം കൂടി അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**വനിതാ ശിശുവികസന ഡയറക്ടർക്ക് വേണ്ടി**